നമ്പർ.ജി(2)38150/09. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം,തീയതി, 22.10.09.

## സർക്കുലർ നമ്പർ 51/09

വിഷയം: 'ലക്ഷം വൃക്ഷം ലക്ഷ്യം' - വനവത്കരണ പദ്ധതി - സഹകരണ ബാങ്ക് പരിസരങ്ങളിൽ വൃക്ഷതൈകൾ നട്ട് പിടിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.
2. 12.8.2009 ലെ 1102/പി.എസ്.യു/എം.സി.സി.ഡി/09 നമ്പർ കത്ത്.

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഡിവിഷനിൽ ഉൾപ്പെടുന്ന പൂവച്ചൽ, കുറ്റിച്ചൽ, കാട്ടാക്കട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ " ലക്ഷം വൃക്ഷം ലക്ഷ്യം" എന്ന ഒരു വനവത്കരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, പൂവച്ചൽ ഡിവിഷനിൽ ഉൾപ്പെടുന്ന പഞ്ചായത്ത് പ്രദേശങ്ങളിലെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടേയും പരിസരങ്ങളിൽ ആവശ്യമായ വൃക്ഷതൈകൾ നട്ടുപിടിക്കാൻ നിർദ്ദേശിക്കുന്നു. ഇക്കാര്യം പൂവച്ചൽ ഡിവിഷനിലെ ബന്ധപ്പെട്ട എല്ലാ സഹകരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് വകുപ്പ് ഉദ്യോഗസ്ഥൻമാർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്,
**റാണിജോർജ്ജ്.ഐ.എ.എസ്.**
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:
1. പ്രസിഡന്റ് ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം.
2. ജോയിന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം.
3. ബന്ധപ്പെട്ട എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും( ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
4. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്), നെയ്യാറ്റിൻകര.
5. രജിസ്ട്രാറുടെമേശപ്പുറത്ത്.
6. സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം,

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്).